**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4195** **18-07-2022 - ൽ മറുപടിയ്ക്ക്**

**മനുഷ്യാവകാശ കമ്മീഷനിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിലവിലുള്ള ഒഴിവുകളിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ താൽക്കാലിക ജീവനക്കാർ തുടർന്ന് വരുന്ന ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് 28-06-2022 തീയതിയിൽ 93/എ2/21/എച്ച്.ആർ.സി നമ്പർ പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിലവിൽ താൽക്കാലിക ജീവനക്കാർ തുടരുന്ന ഓഫീസ് അറ്റൻഡൻറ്, ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത് എന്തെങ്കിലും മത്സര പരീക്ഷയുടെയോ ഇൻറർവ്യൂവിന്റെയോ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിലവിൽ താൽക്കാലിക ജീവനക്കാർ തുടരുന്ന ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത്, മത്സരപരീക്ഷയുടേയോ ഇന്റർവ്യൂവിന്റേയോ അടിസ്ഥാനത്തിൽ അല്ല. മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാർക്കും കോ-ടെർമിനസ് ജീവനക്കാർക്കും ശമ്പള പരിഷ്ക്കരണം അനുവദിച്ചുകൊണ്ട് നിയമ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച 21.06.2022-ലെ സ.ഉ (അ) 11/2022/നിയമം നമ്പർ സർക്കാർ ഉത്തരവിൽ "കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ എല്ലാ നിയമനങ്ങളും (റഗുലർ, കരാർ, ദിവസക്കൂലി) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുളളതാണ്. എന്നാൽ നിയമനകാര്യത്തിലുള്ള ഈ നിബന്ധന കോ-ടെർമിനസ് നിയമനങ്ങൾക്ക് ബാധകമാക്കേണ്ടതില്ലായെന്നും നിഷ്കർഷിച്ചിട്ടുളളതാണ്. |
| (സി) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത് മുതൽ താൽക്കാലിക ജീവനക്കാരായി തുടരുന്നവരുടെ വിശദാംശവും ഏത് ഹെഡിൽ നിന്നാണ് അവർക്ക് ശമ്പളം നൽകിയിട്ടുള്ളതെന്നും | (സി) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നതുമുതൽ ഡ്രൈവർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ താൽക്കാലിക ജീവനക്കാർ |

| | | | |
|---|---|---|---|
| | നിലവിൽ ഏത് ഹെഡിൽ നിന്നാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ? | | വിവിധ കാലഘട്ടങ്ങളിലായി ജോലി ചെയ്തുവരുന്നു. എന്നാൽ കമ്മീഷൻ നിലവിൽ വന്നതുമുതൽ തുടർച്ചയായി താൽക്കാലിക ജീവനക്കാരായിരിക്കുന്നവർ ഇല്ല. താൽക്കാലിക ജീവനക്കാർക്ക് 2018 ഫെബ്രുവരി മാസം വരെ സാലറി ഹെഡിൽ നിന്നും ശമ്പളം നൽകിയിട്ടുള്ളതാണ്. നിലവിൽ നോൺ സാലറി ഹെഡിൽ നിന്നാണ് താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ